# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 656      24/01/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യുടെ വൈദ്യുതി വിതരണം

| | ചോദ്യം<br><br>**ശ്രീ.മഞ്ഞളാംകുഴി അലി** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ലൈൻ പൊട്ടി വീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി ഏതെല്ലാം പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിതരണ ലൈനുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടാകുന്ന അധികച്ചെലവ് എത്രയാണെന്ന് അറിയിക്കുമോ; | (എ) & (ബി) | വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 11 കെ.വി യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തി വരുന്നു.<br><br>കമ്പി പൊട്ടി വീഴുക മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496061061" എന്ന നമ്പരിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.റ്റി എച്ച്റ്റി വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് മുടക്കമില്ലാതെ 24 മണിക്കൂറും വൈദ്യുതി വിതരണം ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി എന്ന് മുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>വൈദ്യുതി ലൈൻ പൊട്ടി വീണ് അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ലൈനുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി, പൊട്ടി വീഴാൻ സാധ്യത കൂടിയ അലുമിനിയം കമ്പികൾ ഘട്ടം ഘട്ടമായി മാറ്റി പകരം കൂടുതൽ ശേഷിയുള്ള റീ ഇൻഫോഴ്സ്ഡ് അലുമിനിയം കമ്പികൾ സ്ഥാപിക്കുക, മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, കാലപ്പഴക്കം ചെന്ന തടി പോസ്റ്റുകൾ മാറ്റി പി.എസ്സ്.സി പോസ്റ്റ് സ്ഥാപിക്കുക, കേടായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പ് വരുത്തുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു.<br><br>2021 ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018-19 മുതൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്താൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിതരണ ലൈനുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഉൾപ്പെടെ 2018-21 കാലയളവിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (സി) | മൊബൈൽ ട്രാൻസ്ഫോർമർ എല്ലാ സർക്കിളിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; മുടക്കമില്ലാതെ വൈദ്യുതി വിതരണം സാധ്യമാ | (സി) | ട്രാൻസ്ഫോർമർ കേടാവുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി സർക്കാരിന്റെ Innovation |

| | | | |
|---|---|---|---|
| | ക്കുന്ന തരത്തിൽ മറ്റേതെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടു ത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | | fund ഉപയോഗിച്ച് സർക്കിൾ തലത്തിൽ മൊബൈൽ ട്രാൻസ്ഫോർമർ (Trolley mounted portable Transformer) ലഭ്യമാക്കാൻ ബോർഡ് തീരുമാനി ക്കുകയും ഇതിനു മുന്നോടിയായി ഒരു prototype നിർമ്മിച്ചു നൽകാൻ പൊതുമേഖലാ സ്ഥാപനമായ KEL ന് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ